# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.09.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഇന്ത്യയുടെ ഫിൻടെക് മേഖല പുതിയ ഉയരങ്ങൾ കീഴടക്കിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.

   Prime Minister Narendra Modi says India's fintech sector reaches new heights.

2. പ്രതിസന്ധി ഘട്ടങ്ങളിൽ ഇന്ത്യ എപ്പോഴും ശ്രീലങ്കയ്ക്കൊപ്പം നിലകൊള്ളുമെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്.

   Defence Minister Rajnath Singh states that India always stands with Sri Lanka in times of crisis.

3. ഇന്ത്യ - ചൈന സൈനിക കമാൻഡർതല ഫ്ളാഗ് മീറ്റിംഗ് പൂർത്തിയായതായി വിദേശകാര്യ മന്ത്രാലയം.

   The Ministry of External Affairs confirms that the India-China military commander-level flag meeting concludes.

4. ഒൻപതാം ദേശീയ പോഷകാഹാര മാസത്തിന് വാരാണസി യിൽ ഇന്ന് തുടക്കമാകും. കേന്ദ്രമന്ത്രി അന്നപൂർണാ ദേവി ഉദ്ഘാടനം ചെയ്യും.

   The 9th National Nutrition Month begins in Varanasi today; Union Minister Annapurna Devi inaugurates it.

5. കേരളത്തിൽ കനത്ത ചൂട് തുടരുന്നു. ഇന്നും താപനില സാധാരണയേക്കാൾ മൂന്ന് മുതൽ നാല് ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യത.

   High temperatures continue in Kerala; temperatures are likely to rise 3 to 4 degrees Celsius above normal today as well.

6. **പശ്ചിമേഷ്യയിൽ ഇറാൻ - അമേരിക്ക സംഘർഷം വീണ്ടും രൂക്ഷം.**

**The US-Iran conflict intensifies again in West Asia.**

☸☸☸☸☸☸☸☸☸☸☸☸☸☸☸☸

# VP VISIT

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ മണിപ്പൂരിൽ വിവിധ പരിപാടികളിൽ പങ്കെടുത്തു. INA രക്തസാക്ഷി സ്മാരക സമുച്ചയത്തിലും INA യുദ്ധ സ്മാരക സ്ഥൂപത്തിലും അദ്ദേഹം പുഷ്പാർച്ചന നടത്തി. INA മ്യൂസിയവും ശ്രീ രാധാകൃഷ്ണൻ സന്ദർശിച്ചു. ഇംഫാലിലെ സൈനിക സ്കൂളിൽ വിദ്യാർത്ഥികളുമായി ഉപരാഷ്ട്രപതി സംവദിച്ചു. രണ്ട് ദിവസത്തെ സന്ദർശനത്തിനായി വൈകുന്നേരത്തോടെ അദ്ദേഹം അരുണാചൽപ്രദേശിൽ എത്തി.

☸☸☸☸☸☸☸☸☸☸☸☸☸☸

# PM (INTRO)

ഇന്ത്യയുടെ ഫിൻടെക് മേഖല പുതിയ ഉയരങ്ങൾ കീഴടക്കിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. നിർമ്മിത ബുദ്ധി, ക്വാണ്ടം സാങ്കേതികവിദ്യകൾ എന്നിവ സാമ്പത്തിക മേഖലയിൽ പുതിയ സാധ്യതകൾ തുറക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി. മുംബൈയിൽ ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിൻറെ ഏഴാം പതിപ്പിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ മാസം 2,400 കോടിയിലധികം യു.പി.ഐ ഇടപാടുകൾ നടന്നതായി പരാമർശിച്ച പ്രധാനമന്ത്രി, ഫിൻടെക് രംഗത്തെ മുൻനിര ചാമ്പ്യനായി യു.പി.ഐയെ വിശേഷിപ്പിച്ചു. ഇന്ത്യൻ യു.പി.ഐ സംവിധാനം നിലവിൽ 11 രാജ്യങ്ങളിൽ പ്രവർത്തിക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു. **(ഹോൾഡ് വോയ്സ്........)**

☸☸☸☸☸☸☸☸☸☸☸☸☸☸

# POSHAN MAH - UP

ഒൻപതാം ദേശീയ പോഷക ആഹാര മാസത്തിന് വാരാണസിയിൽ ഇന്ന് തുടക്കമാകും. മുഖ്യമന്ത്രി യോഗി ആദിത്യനാഥിൻറെ സാന്നിധ്യത്തിൽ കേന്ദ്രമന്ത്രി അന്നപൂർണാ ദേവി പരിപാടി ഉദ്ഘാടനം ചെയ്യും. "നമ്മുടെ അംഗണവാടികൾ, നമ്മുടെ ഉത്തരവാദിത്തം" എന്നതാണ് ഈ വർഷത്തെ സന്ദേശം. ഈ മാസം മുഴുവൻ രാജ്യത്തുടനീളം നടക്കുന്ന പ്രചാരണത്തിൽ പോഷകാഹാര വൈവിധ്യം, അംഗണവാടികളിലെ ചൂടുള്ള ഭക്ഷണം,

പ്രധാനമന്ത്രി മാതൃ വന്ദന യോജനയുടെ 10 വർഷങ്ങൾ എന്നിവയ്ക്കാണ് പ്രാധാന്യം നൽകുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁❁

## POSHAN MA- KERALA

പോഷൻ അഭിയാൻ പദ്ധതിയുടെ ഭാഗമായി 'പോഷൻ മാ 2026' സംസ്ഥാന തല ഉദ്ഘാടനവും വനിതാ ശിശു വികസന വകുപ്പിന്റെ 'ബാല്യസ്പന്ദനം' പദ്ധതിയുടെ കൊല്ലം ജില്ലാതല ഉദ്ഘാടനവും മന്ത്രി ബിന്ദു കൃഷ്ണ ഇന്ന് നിർവഹിക്കും. കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാരക്കാർ എന്നിവരുടെ പോഷക സുരക്ഷ ഉറപ്പാക്കുകയാണ് ലക്ഷ്യം.

❁❁❁❁❁❁❁❁❁❁❁❁❁❁

## RAJNATH LANKA IND DIASPORA

പ്രതിസന്ധി ഘട്ടങ്ങളിൽ ഇന്ത്യ എപ്പോഴും ശ്രീലങ്കയ്ക്കൊപ്പം നിലകൊള്ളുമെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം ചരിത്രപരമാണെന്നും, സംസ്കാരം, വിശ്വാസം എന്നിവയിൽ അധിഷ്ഠിതമാണെന്നും കൊളംബോയിൽ ഇന്ത്യൻ സമൂഹവുമായി സംവദിക്കവേ അദ്ദേഹം പറഞ്ഞു. ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള ബന്ധത്തിനിടയിലെ പാലമാണ് അവിടുത്തെ ഇന്ത്യൻ സമൂഹമെന്നും ശ്രീ സിങ് പറഞ്ഞു. മൂന്ന് ദിവസത്തെ ശ്രീലങ്കൻ സന്ദർശനത്തിനായി ഇന്നലെയാണ് രാജ്യരക്ഷാ മന്ത്രി കൊളംബോയിൽ എത്തിയത്.

❁❁❁❁❁❁❁❁❁❁❁❁❁❁

## PMML- NEHRU PLANETARIUM

ന്യൂഡൽഹിയിലെ പ്രധാനമന്ത്രി മ്യൂസിയം ആൻഡ് ലൈബ്രറിക്ക് കീഴിലുള്ള നവീകരിച്ച നെഹ്റു പ്ലാനറ്റേറിയം ഉദ്ഘാടനം ചെയ്തു. ശാസ്ത്ര ആശയ വിനിമയം ശക്തമാക്കാനും വാനശാസ്ത്ര ബോധവൽക്കരണം വളർത്താനുമാണ് പ്ലാനറ്റേറിയം നവീകരിച്ചത്. വിദ്യാർഥികളിൽ ശാസ്ത്രബോധവും ജിജ്ഞാസയും വളർത്താൻ ലക്ഷ്യമിട്ടുള്ള മികച്ച സൗകര്യങ്ങളാണ് ഇവിടെയൊരുക്കിയിട്ടുള്ളതെന്ന് PMML ഡയറക്ടർ അശ്വനി ലോഹാനി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁❁

## KERALA RAIN

കേരളത്തിൽ കനത്ത ചൂട് തുടരുന്നു. ഇന്നും താപനില സാധാരണയേക്കാൾ മൂന്ന് മുതൽ നാല് ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. അതേസമയം, ബംഗാൾ ഉൾക്കടലിലെ ന്യൂന മർദ്ദ സാധ്യതയുടെ പശ്ചാത്തലത്തിൽ, സംസ്ഥാനത്ത് വരുംദിവസങ്ങളിൽ മഴയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പുണ്ട്.

# IMD

അരുണാചൽപ്രദേശ്, അസം, മേഘാലയ, മണിപ്പൂർ, മിസോറം, ത്രിപുര, ബിഹാർ, പശ്ചിമബംഗാളിലെ ഗംഗാസമതല മേഖല, ഝാർഖണ്ഡ്, നാഗാലാൻറ്, ഒഡീഷ എന്നിവിടങ്ങളിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആൻഡമാൻ നിക്കോബർ ദ്വീപ്, ആന്ധ്രാപ്രദേശ്, തമിഴ്നാട്, പുതുച്ചേരി, കാരയ്ക്കൽ എന്നിവിടങ്ങളിൽ ശക്തമായ കാറ്റിനും ഇടിമിന്നലോട് കൂടിയ മഴയ്ക്കും സാധ്യതയുണ്ട്.

# IRAN US CONFLICT

അമേരിക്കയും ഇറാനും തമ്മിൽ പ്രത്യാക്രമണങ്ങൾ ആരംഭിച്ചതോടെ പശ്ചിമേഷ്യയിൽ വീണ്ടും സംഘർഷം രൂക്ഷം. അമേരിക്കൻ യുദ്ധക്കപ്പലിന് നേരെ ഉണ്ടായ മിസൈലാക്രമണത്തിന് തിരിച്ചടിയായി ഇറാന്റെ അഞ്ച് എണ്ണക്കപ്പലുകൾ യു.എസ് സൈന്യം തകർത്തു. ഇതിന് തുടർച്ചയായി ജോർദാനിലെ യു.എസ് താവളങ്ങൾക്ക് നേരെ ഇറാൻ മിസൈൽ ആക്രമണം നടത്തി. അതിനിടെ, ബഹ്റൈൻ, കുവൈറ്റ് തുറമുഖങ്ങൾക്ക് സമീപമുള്ള കപ്പലുകൾ ഉടൻ ഒഴിയണമെന്ന് ഇറാൻറെ റെവല്യൂഷണറി ഗാർഡ് മുന്നറിയിപ്പ് നൽകി.

# NAVY CHIEF - VISIT

ഇന്ത്യൻ നാവികസേനാ മേധാവി അഡ്മിറൽ കൃഷ്ണ സ്വാമിനാഥൻറെ ഓസ്ട്രേലിയ, ന്യൂസിലാൻഡ് സന്ദർശനം ഇന്നാരംഭിക്കും. ഇരു രാജ്യങ്ങളിലെയും പ്രതിരോധ, നാവികസേനാ ഉന്നത നേതൃത്വവുമായി അദ്ദേഹം ഉഭയകക്ഷി ചർച്ചകൾ നടത്തും. പ്രമുഖ പരിശീലന-പ്രവർത്തന കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനൊപ്പം സൈനികരുമായി ആശയവിനിമയവും നടത്തും.

നാവികസേനകൾ തമ്മിലുള്ള സഹകരണം, വിവര കൈമാറ്റം, പരിശീലനം എന്നിവ ശക്തിപ്പെടുത്തുകയാണ് സന്ദർശനത്തിൻറെ ലക്ഷ്യം.

## FUR REV MEA BRIEFING (INTRO)

ഈ മാസം 12, 13 തീയതികളിൽ ന്യൂഡൽഹിയിൽ നടക്കുന്ന ബ്രിക്സ് ഉച്ച കോടിക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദി നിരവധി ലോക നേതാക്കളു മായി ഉഭയകക്ഷി ചർച്ചകൾ നടത്തുമെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ. ഉഭയകക്ഷി ചർച്ചകളിൽ റഷ്യ-ഉക്രെയ്ൻ സംഘർഷം ഉൾപ്പെടെയുള്ള നിരവധി സുപ്രധാന വിഷയങ്ങൾ ചർച്ച ചെയ്യുമെന്നും ശ്രീ ജയ്സ്വാൾ വ്യക്തമാക്കി.
(വോയിസ്...)
ഇന്ത്യയും ചൈനയും തമ്മിൽ ആദ്യത്തെ ഉന്നത മിലിട്ടറി കമാൻഡർ തല ഫ്ലാഗ് മീറ്റിംഗ് നടന്നതായും അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. ഈ മാസം ആറാം തീയതി അരുണാചൽ പ്രദേശിലെ വാച്ചയിലും, ഇന്നലെ ചൈനീസ് അതിർത്തിയിലെ ദാമയിലുമാണ് ഫ്ലാഗ് മീറ്റിംഗ് നടന്നത്. റഷ്യ-യുക്രെയ്ൻ സംഘർഷം അവസാനിപ്പിക്കുന്നതിനായി നിരവധി ആശയങ്ങളും നിർദേശങ്ങളും ഇന്ത്യ ഇരുകക്ഷികളെയും അറിയി ച്ചതായും അദ്ദേഹം പറഞ്ഞു. മിന്നൽ പ്രളയമുണ്ടായ നേപ്പാളിന് ദുരിതാ ശ്വാസ - പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി ഇന്ത്യയുടെ പിന്തുണ തുടരുമെന്നും ശ്രീ. ജയ്സ്വാൾ അറിയിച്ചു.

## MANDAVIYA - ASIAN GAMES 2026

ജപ്പാനിൽ നടക്കുന്ന ഏഷ്യൻ ഗെയിംസിനുള്ള 503 അംഗ ഇന്ത്യൻ സംഘ ത്തിന് ന്യൂഡൽഹിയിൽ ഗംഭീര യാത്രയയപ്പ്. കേന്ദ്ര കായികമന്ത്രി മൻസുഖ് മാണ്ഡവ്യയും ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡൻറ് പി.ടി. ഉഷയും ചേർന്ന് ടീമിൻറെ ഔദ്യോഗിക ജേഴ്സി പ്രകാശനം ചെയ്തു. സമ്മർദ്ദങ്ങളെ വിജയങ്ങളാക്കി മാറ്റാൻ കേന്ദ്രമന്ത്രി താരങ്ങളോട് ആഹ്വാനം ചെയ്തു.

## WORLD PARA ARCHERY

അഹമ്മദാബാദിൽ നടക്കുന്ന ലോക പാരാ ആർച്ചറി സീരീസിൽ ഇന്ത്യക്കിന്ന് പോരാട്ടങ്ങളുടെ ദിവസം. റീക്കർവ് മിക്സ്ഡ് ടീം ഫൈനലിൽ ഇന്ത്യയുടെ ഭാവന-ഹർവീന്ദർ സിങ് സഖ്യം ചൈനയെയും, കോമ്പൗണ്ട് വനിതാ ഫൈനലിൽ ശീതൾ ദേവി, കസാക്കിസ്ഥാൻ താരത്തെയും നേരിടും. കോമ്പൗണ്ട് മിക്സ്ഡ് ടീം വെങ്കല പോരാട്ടത്തിൽ ശീതൾ ദേവി-തോമൻ കുമാർ സഖ്യം ഇറാഖിനെ നേരിടും. നിലവിൽ ഇന്ത്യ രണ്ട് സ്വർണ്ണവും രണ്ട് വെള്ളിയും ഒരു വെങ്കലവുമുൾപ്പെടെ അഞ്ച് മെഡലുകൾ സ്വന്തമാക്കിയിട്ടുണ്ട്.

## NT. US OPEN TENNIS

യു.എസ് ഓപ്പൺ ടെന്നീസിൽ നിലവിലെ ചാമ്പ്യനും ഒന്നാം സീഡുമായ അരിന സബലെങ്കയും അമേരിക്കൻ താരം ഫ്രാൻസെസ് തിയാഫോയും സെമിഫൈനലിൽ പ്രവേശിച്ചു. ക്വാർട്ടർ ഫൈനലിൽ ചെക്ക് റിപ്പബ്ലിക്കിൻറെ ലിൻഡ നോസ്കോവയെ തോൽപ്പിച്ചാണ് സബലെങ്ക മുന്നേറിയത്. പുരുഷ വിഭാഗത്തിൽ സ്വന്തം രാജ്യക്കാരനായ അലക്സ് മിഷേൽസണെ കീഴടക്കി യാണ് തിയാഫോ സെമി ഉറപ്പിച്ചത്.

## UP-ANGANWADI HONORARIUM

ഉത്തർപ്രദേശിൽ അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും സംസ്ഥാന വിഹിതത്തിലുള്ള ഓണറേറിയം വർധിപ്പിച്ച് ഉത്തരവിറങ്ങി. ഇതോടെ വർക്കർമാർക്ക് മാസം 12,000 രൂപയും ഹെൽപ്പർമാർക്ക് 6,000 രൂപയും ലഭിക്കും. പ്രതിമാസ വേതനത്തിൽ വർക്കർമാർക്ക് 4,000 രൂപ യുടെയും ഹെൽപ്പർമാർക്ക് 2,000 രൂപയുടെയും വർധനവാണ് വരുത്തി യത്.

## PUTIN TRUMP

യൂറോപ്പിന് നേരെ റഷ്യക്ക് ആക്രമണോദ്ദേശ്യമില്ലെന്ന് പ്രസിഡൻറ് വ്ളാഡിമിർ പുടിൻ. അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപിനെ അറിയിച്ചതാണിക്കാര്യം. അതിനിടെ, യുദ്ധം അവസാനിപ്പിക്കാൻ യു.എസ് പ്രതിനിധികൾ മുന്നോട്ടുവെച്ച നിർദേശങ്ങൾ മികച്ചതാണെന്നും ഉടൻ ട്രംപുമായി കൂടിക്കാഴ്ച നടത്തുമെന്നും യുക്രെയിൻ പ്രസിഡൻറ്

വോളോഡിമിർ സെലെൻസ്കി വ്യക്തമാക്കി. എന്നാൽ റഷ്യക്ക് കാര്യമായ മുന്നേറ്റമില്ലെന്നും യുദ്ധം വർഷങ്ങൾ നീണ്ടേക്കാമെന്നും യു.എസ് വിലയിരുത്തുന്നു.

## INDIA- UKRAINE

റഷ്യ-യുക്രൈൻ സംഘർഷം അവസാനിപ്പിക്കുന്നതിനായി ഇന്ത്യ നടത്തുന്ന സമാധാന ശ്രമങ്ങളെ സ്വാഗതം ചെയ്ത് റഷ്യ. ചർച്ചകളിലൂടെയും നയതന്ത്രത്തിലൂടെയും പ്രശ്നം പരിഹരിക്കണമെന്ന ഇന്ത്യൻ നിലപാടിനോട് യോജിക്കുന്നതായും ക്രെംലിൻ വക്താവ് ദിമിത്രി പെസ്കോവ് വ്യക്തമാക്കി. ബ്രിക്സ് ഉച്ചകോടിയുടെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദിയും റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിനും ഉഭയകക്ഷി ചർച്ചകൾ നടത്തുമെന്നും അദ്ദേഹം പറഞ്ഞു.

## SAUDI-HOUTHI ATTACK

സൗദിയിലെ നാല് പ്രമുഖ നഗരങ്ങൾ ലക്ഷ്യമിട്ട് യെമനിലെ ഹൂതി വിമതർ നടത്തിയ മിസൈൽ-ഡ്രോൺ ആക്രമണങ്ങളിൽ സ്ത്രീകളും കുട്ടികളും ഉൾപ്പെടെ 73 പേർക്ക് പരിക്കേറ്റു. സിവിലിയൻ കേന്ദ്രങ്ങൾക്കും എണ്ണ-വ്യോമസേനാ സ്ഥാപനങ്ങൾക്കും നേരെയുണ്ടായ ഈ ആക്രമണം രാജ്യത്തിൻറെ പരമാധികാരത്തിന്മേലുള്ള കടന്നുകയറ്റമാണെന്നും ശക്തമായി തിരിച്ചടിക്കുമെന്നും സൗദി സഖ്യസേനാ വക്താവ് അറിയിച്ചു. യെമനിൽ സൗദി ആക്രമണം നടത്തിയെന്ന ഹൂതികളുടെ ആരോപണത്തിന് പിന്നാലെയാണ് പോരാട്ടം രൂക്ഷമായത്.